DESPATCHED
On. 8/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.2412(5)/2018/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 12210/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി :. 30.12.2022**

ശ്രീ. ജെറി വി.ജെ.,
വാഴപ്പിള്ളി ഹൗസ്, കൈപ്പറമ്പ് പി.ഒ.,
പുത്തൂർ, തൃശ്ശൂർ – 680 546. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പേരമംഗലം പോലീസ് സ്റ്റേഷൻ
തൃശ്ശൂർ – 680 545.

2. അപ്പീൽ അധികാരി ,
പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം,
ഗുരുവായൂർ.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരുന്നത് ടിയാനെ പേരാമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ റൗഡി ലിസ്റ്റിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. ആയതിന് എസ്.പി.ഐ.ഒ. 01.08.2018 തീയതിയായി മറുപടി ലഭ്യമാക്കിയെങ്കിലും പ്രസ്തുത മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് അപ്പീൽ സമർപ്പിക്കുകയുണ്ടായെന്നും അപ്പീലും സമയബന്ധിതമായി തീർപ്പാക്കിയെന്നാണ് എസ്.പി.ഐ.ഒ. അറിയിച്ചത്.

2. വസ്തുതകൾ മൊത്തത്തിൽ നിരീക്ഷിക്കുമ്പോൾ ഹർജിക്കാരന് വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ഹർജിക്കാരൻ 06.07.2018 തീയതിയായി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ഒരിക്കൽകൂടി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം മറുപടി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം

രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. 19.10.2022 ന് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് അപ്പീൽ ഹർജിക്കാരനുകൂടി അയച്ചു നൽകേണ്ടതാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ മാസം 30 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Jn